വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ ആന്റ് ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി പിരിഞ്ഞുപോകുന്ന ജീവനക്കാർക്കുവേണ്ടി ഒരു സാമൂഹിക സുരക്ഷിതത്വ പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

തൊഴിൽ ഉറപ്പാക്കൽ പദ്ധതി ബിൽ

*18 [248] ശ്രീ. മത്തായി ചാക്കോ:
,, എം. വി. ജയരാജൻ:
,, വി. ചെന്താമരാക്ഷൻ:
,, വി. കെ. ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഒരു തൊഴിൽ ഉറപ്പാക്കൽ പദ്ധതി ബില്ലിന് രൂപം നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ തൊഴിൽ ഉറപ്പാക്കാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) പദ്ധതി പ്രകാരം ഒരു വർഷം എത്ര തൊഴിൽ രഹിതർക്ക് പുതുതായി തൊഴിൽ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി ഏത് ഏജൻസി വഴി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഇ) ഇത് സംബന്ധമായ നിയമനിർമ്മാണം എപ്പോൾ നടത്തുമെന്ന് വ്യക്തമാക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി—ഇ) ബാധകമല്ല.

റെയിൽവേ വികസനത്തിന് കേന്ദ്ര ഫണ്ട് ലഭ്യമാക്കാൻ നടപടി

*19 [249] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) കേരളത്തിന്റെ റെയിൽവേ വികസനത്തിന് കഴിഞ്ഞ വർഷങ്ങളിൽ കേന്ദ്ര ബജറ്റിൽ നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന വിവരം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly